# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 122

30.09.2011 ൽ മറുപടിയ്ക്ക്

## കാർഷിക വികസന ബാങ്കുകളുടെ ഭരണ സമിതികൾ

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. എം. ചന്ദ്രൻ
ശ്രീ. ജി. സുധാകരൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) പ്രാഥമിക കാർഷിക വികസന ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ ഓർഡിനൻസുവഴി പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഭരണ സമിതികളെ പിരിച്ചുവിട്ടു;

(ബി) ഈ സംഘങ്ങൾ ഓരോന്നും രജിസ്റ്റർ ചെയ്തിട്ടുള്ളതെപ്പോഴാണ്; പിരിച്ചുവിട്ടത് എപ്പോൾ; ഈ സംഘങ്ങൾ വായ്പാവിതരണം നടത്തുന്നുണ്ടോ;

(എ) & (ബി) ഓർഡിനൻസ് വഴി ഒരു ഭരണസമിതിയെയും പിരിച്ചുവിട്ടിട്ടില്ല. 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 28 ൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 12.08.2011 ലെ 45/2011 നമ്പർ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 10 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ഭരണ സമിതികൾ സാധുവല്ലാതായി തീർന്നിട്ടുണ്ട്. 2000 ൽ കേരള സഹകരണ നിയമത്തിൽ ഭേദഗതി വരുന്നതിന് മുമ്പ് തന്നെ ഒരേ സ്വഭാവമുള്ള സഹകരണ സംഘങ്ങൾ തമ്മിൽ അതിവ്യാപനം പാടില്ലെന്നുള്ള കേരള സഹകരണ സംഘം നിയമം വകുപ്പ് 7 (1) (സി) യിൽ നിന്ന് ഇളവനുവദിച്ചുകൊണ്ട് 1997 ൽ സർക്കാർ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച 9 ബാങ്കുകളുടേയും നിലവിലുള്ള തിരുവല്ല പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽ 11.05.2011 ൽ നിയമ വിരുദ്ധമായി രൂപീകരിച്ച ചെങ്ങന്നൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും, ചുവടെപ്പറയുന്ന തീയതികളിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

1. സുൽത്താൻബത്തേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 05.12.1997

2. കട്ടനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 20.08.1997

3. കൊട്ടങ്ങല്ലൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 11.11.1998.

4. റാന്നി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 01.10.1999

5. കൊച്ചി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 25.03.1998

6. ചങ്ങനാശ്ശേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 30.06.1997

7. കൊട്ടാരക്കര പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 29.09.1997

8. ചെങ്ങന്നൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 11.05.2011

9. തിരൂരങ്ങാടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 31.05.1997

10. നിലമ്പൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - 22.05.1997

സുൽത്താൻബത്തേരി, കട്ടനാട്, കൊട്ടങ്ങല്ലൂർ, റാന്നി, കൊച്ചി എന്നിങ്ങനെ 5 ബാങ്കുകൾക്ക് വായ്പ നൽകുന്നതിന് കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് തുക നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രാഥമിക ബാങ്കുകൾ വായ്പ നൽകിയിട്ടുമുണ്ട്.

| | |
|---|---|
| (സി) ഒരു സഹകരണ സ്ഥാപനം രൂപീകരിക്കുന്നതിന് ആ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ആസ്തി ബാദ്ധ്യതകൾ പങ്കിട്ടെടുക്കണമെന്ന വ്യവസ്ഥ നിലവിലുള്ള സഹകരണ നിയമത്തിലുണ്ടോ; | (സി) സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് ആസ്തി ബാദ്ധ്യതകൾ വിഭജിക്കണമെന്ന വ്യവസ്ഥയില്ല. എന്നാൽ, 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 2 (oc) പ്രകാരം കാർഷിക വികസന ബാങ്കുകളുടെ പ്രവർത്തന പരിധി താലൂക്ക് അതിർത്തിയായി നിശ്ചയിച്ചിട്ടുണ്ട്. ഒന്നിലധികം താലൂക്കുകൾ പ്രവർത്തന പരിധിയായുള്ള സംഘങ്ങൾ സഹകരണ സംഘം നിയമം 14 വകുപ്പിൽ പറയുന്ന പ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ച് രജിസ്റ്റർ ചെയ്യപ്പെടാത്തതാകയാൽ ആസ്തി ബാധ്യതകൾ നിശ്ചയിച്ച് സംഘം രജിസ്റ്റർ ചെയ്ത് ആസ്തി ബാധ്യതകൾ വിഭജിക്കേണ്ടതുണ്ട്. |
| (ഡി) ഇല്ലെങ്കിൽ കാർഷിക വികസന ബാങ്കുകൾക്ക് മാത്രമായി ഓർഡിനൻസ് വഴി നിയമത്തിൽ ഈ വ്യവസ്ഥ കൊണ്ടുവരേണ്ട ആവശ്യം എന്തായിരുന്നു; വിശദമാക്കാമോ; ഈ വ്യവസ്ഥയ്ക്ക് മുൻകാല പ്രാബല്യം നൽകിയത് എന്തുകൊണ്ടാണ്; ഭരണ സമിതി പ്രവർത്തിച്ചുകൊണ്ടിരിക്കെ ആസ്തിബാധ്യതകൾ വിഭജിക്കാൻ തടസ്സമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ഡി) നബാർഡ്, നാഷണൽ ഹൗസിംഗ് ബാങ്ക്, തുടങ്ങിയവയിൽ നിന്നും സർക്കാർ ഗ്യാരന്റിയോടെ ലഭിക്കുന്ന പണം കാർഷിക – കാർഷികേതര വികസന ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്ന ബാങ്കുകളാണ് പ്രാഥമിക കാർഷിക വികസന ബാങ്കുകൾ. ഒരേ സ്വഭാവമുള്ള സംഘങ്ങളുടെ പ്രവർത്തന പരിധികൾ തമ്മിൽ അതിവ്യാപനം പാടില്ലെന്നുള്ള കേരള സഹകരണ നിയമം വകുപ്പ് 7 (1) (സി) വ്യവസ്ഥയിൽ നിന്നും, ഇളവനുവാദം നൽകികൊണ്ട് 1997 ൽ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്നാണ് നിലവിലുണ്ടായിരുന്ന ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിരുന്ന താലൂക്കുകളിൽ പുതുതായി പ്രാഥമിക ബാങ്കുകൾ രജിസ്റ്റർ ചെയ്തത്. തുടർന്ന്, 01.01.2000 - ൽ പ്രാബല്യത്തിൽ വന്ന കേരള സഹകരണ നിയമത്തിലെ ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക |

വികസന ബാങ്കുകളെ നിർവ്വചിക്കുകയും അവയുടെ പ്രവർത്തനപരിധി ഒരു റവന്യൂ താലൂക്കായി നിജപ്പെടുത്തുകയും നിലവിലുള്ള ബാങ്കുകൾ, നിയമം പ്രാബല്യത്തിൽ വന്ന് 6 മാസത്തിനകം അവയുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ, ടി വ്യവസ്ഥ പല ബാങ്കുകളും പാലിക്കാതിരിക്കുകയും, മറ്റ് ബാങ്കുകൾക്ക് പ്രവർത്തന പരിധിയുള്ള താലൂക്കുകളിൽ പുതുതായി ചില ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയും, നിയമ് ഭേദഗതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തന പരിധി ചില ബാങ്കുകൾ നിജപ്പെടുത്തുകയും, അപ്രകാരം രജിസ്റ്റർ ചെയ്യതിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാധ്യതകൾ വിഭജിക്കാതെ തന്നെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നിലവിലുണ്ടായിരുന്ന ബാങ്കുകളുടെ ആസ്തി ബാധ്യതകൾ അംഗത്വം എന്നിവ ക്രമപ്രകാരം വിനിയോഗിക്കുന്നതിന് ഇതു മുഖാന്തിരം തടസ്സം നേരിടുകയും സംസ്ഥാനത്തെ ദീർഘകാല വായ്പാ മേഖലയുടെ പ്രവർത്തന പുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. നിലവിലുള്ള ബാങ്കുകളുടെ പ്രവർത്തന പരിധിയിലുണ്ടായിരുന്ന താലൂക്കുകൾ പുതിയ ബാങ്കിന്റെ കീഴിലാകുകയും എന്നാൽ ആസ്തി ബാധ്യതകൾ വിഭജിക്കാത്തതു കാരണം പുതിയ ബാങ്കുകളുടെ പ്രവർത്തന പരിധിയിലെ അംഗങ്ങളും, വായ്പകളും, ആസ്തികളും ബാധ്യതകളും മുമ്പ് നിലനിന്നിരുന്ന ബാങ്കുകളിൽ (പാരന്റ് ബാങ്ക്) തന്നെ തുടരുകയും ചെയ്തു വന്നിരുന്നു. ആസ്തി ബാധ്യതകൾ വിഭജിക്കാതെയിരുന്ന സാഹചര്യത്തിൽ നിലവിൽ വളരെ കാലമായി പ്രവർത്തിച്ചു വന്നിരുന്ന ബാങ്കുകളുടെ നിലനിൽപ്പ് തന്നെ അപകടകരമായ സ്ഥിതിയിലേയ്ക്ക്

നീങ്ങിയതിനെ തുടർന്ന് അപ്രകാരം ആസ്തി ബാധ്യതകൾ വിഭജിക്കാതെ നിലവിലുള്ള ബാങ്കുകളുടെ പ്രവർത്തന പരിധി നിജപ്പെടുത്തിയോ, നിജപ്പെടുത്താതെയോ രജിസ്റ്റർ ചെയ്യു നടപടി സാധുവല്ലെന്ന് കണ്ട സാഹചര്യത്തിലാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. നിലവിലുള്ള സംഘത്തിന്റെ പ്രവർത്തന പരിധിയിലാണ് സംഘം രജിസ്റ്റർ ചെയ്യുതെന്നതിനാലും ആസ്തി ബാധ്യതകൾ വിഭജിച്ച് പുതുതായി നിലവിൽ വന്ന ബാങ്കുകൾക്ക് നൽകേണ്ടതിനാലും ആണ് ഓർഡിനൻസിന് മുൻകാല പ്രാബല്യം നൽകിയത്.

സഹകരണ സംഘം രജിസ്ട്രാർ 21.01.2000 ൽ പുറപ്പെടുവിച്ച നിർദ്ദേശം അനുസരിച്ച് 2000 ജനുവരി പ്രാബല്യത്തോടെ താലൂക്ക് അടിസ്ഥാനത്തിൽ ആസ്തി ബാധ്യതകൾ വിഭജിച്ച് പുതുതായി നിലവിൽ വരുന്ന ബാങ്കുകൾക്ക് നൽകണമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ, അപ്രകാരം ആസ്തി ബാധ്യതകൾ, പുതിയ ബാങ്കിന്റെ പ്രവർത്തന പരിധിയിലെ ഓഹരി, അംഗത്വം, ബാധ്യത എന്നിവയും, വിഭജിക്കേണ്ടിയിരുന്നു. ഭരണ സമിതികൾ രൂപീകരിച്ചത് നിയമാനുസൃതമല്ലാത്തതിനാലാണ് നിലവിലുണ്ടായിരുന്ന ഭരണ സമിതിയുടെ പ്രവർത്തനം അവസാനിച്ചത്. അപ്രകാരം ഭരണ സമിതി നിയമാനുസൃതമല്ലാതായിരിക്കുകയും ~~അല്ലാതിരിക്കുകയും~~ ആസ്തി ബാധ്യതകളുടെ വിഭജനം പൂർത്തിയാക്കുമ്പോൾ ആയതിന്റെ ഫലമായി അംഗങ്ങളും ഓഹരിയും പുതിയ ബാങ്കിലേക്ക് മാറ്റപ്പെടുകയും ചെയ്യും.

| | |
|---|---|
| (ഇ) താലൂക്കടിസ്ഥാനത്തിൽ കാർഷിക വികസന ബാങ്കുകൾ പ്രവർത്തിക്കുന്നതു മൂലം എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോ? | (ഇ) ഇല്ല |

സെക്ഷൻ ഓഫീസർ